# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 395

## 27/02/2018 ൽ മറുപടി നൽകേണ്ടത്

അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ടി. ബൽറാം
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. കെ.എസ്. ശബരീനാഥൻ

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നു; | സംസ്ഥാന തനതു നികുതി വരുമാനം സംബന്ധിച്ച് കമ്മീഷൻ നടത്തിയിട്ടുള്ള പ്രക്ഷേപണം അടിസ്ഥാനമാക്കി ധനവിന്യാസം നടത്താൻ കമ്മീഷൻ ശുപാർശ ചെയ്തു. സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനതു വരുമാനത്തിന്റെ 20% മുതൽ 24% വരെ ഇക ടി (t) അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് 2016 - 17 മുതൽ 2020 - 21 വരെയുള്ള കാലയളവിൽ കൈമാറ്റം ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുമുള്ള ശുപാർശകളും കമ്മീഷൻ പ്രധാനമായും നൽകിയിട്ടുണ്ട്. നിയമങ്ങൾ, ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ലളിതമാക്കുന്നതിനും പ്രാദേശിക സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ |

| | | |
|---|---|---|
| | | കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് എന്നാണ് സഭയിൽ സമർപ്പിച്ചത്; ഇത് സമർപ്പിക്കുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ; | 07.02.2018.<br>ഭരണപരമായ കാലതാമസം മാത്രമാണ് ഉണ്ടായത്. |
| (സി) | കേന്ദ്ര ധനകാര്യ കമ്മീഷന്റെ മാതൃകയിൽ വ്യക്തമായ മാനദണ്ഡങ്ങളോടെ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഭജിക്കണമെന്ന് കമ്മീഷൻ ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ശിപാർശ അംഗീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്; ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതത്തിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ട്; | ഉണ്ട്.<br>സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ അതേപടി സ്വീകരിക്കണമെന്നില്ല സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അത്തരത്തിലുള്ള മാറ്റങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ന്യായമായ വിഹിതം ലഭിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കുമോ; | ഉദിക്കുന്നില്ല. |
| (ഇ) | കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായത് കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട നികുതി വിഹിതവും ഗ്രാന്റും 2016-17 ലും 2017 - 18 ലും ലഭിക്കാതെ പോയ സാഹചര്യം | നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 2016-17 ലും 2017 - 18 ലും പ്രാദേശിക സർക്കാരുകൾക്ക് ധനവിന്യാസം നൽകിയത്. പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട വിഹിതം ആ കാലയളവിൽ ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | കണക്കിലെടുക്കുമോ; | |
| (എഫ്) | നഗരസഭകളുടെ പെൻഷൻ വിതരണം സൃഷ്ടിച്ച ധനപ്രതിസന്ധി പരിഹരിക്കുവാൻ അഞ്ചാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ<br><br>എന്തൊക്കെയായിരുന്നു; | നഗരസഭകളിലെ പെൻഷൻ വിതരണം സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്:<br><br>1.ആദ്യമായി, നഗരകാര്യ ഡയറക്ടർ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നൽകേണ്ട തുക തിട്ടപ്പെടുത്തേണ്ടതും നഗരസഭകൾ നൽകേണ്ട തുക തട്ടിക്കിഴിച്ച് പെൻഷൻഫണ്ടിലേക്കു നൽകേണ്ട ബാക്കി തുകയുടെ വിവരം ധനവകുപ്പിനെ അറിയിക്കേണ്ടതുമാണ്.<br><br>2. ഇപ്രകാരം കുടിശ്ശിക നിൽക്കുന്ന തുക ധനവകുപ്പ്, 2016-17 സാമ്പത്തിക വർഷം 4 ത്രൈമാസ ഗഡുക്കളായി നഗരകാര്യ ഡയറക്ടർക്ക് നൽകേണ്ടതും ആയത് നഗരസഭകൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.<br><br>3. ആയുർദൈർഘ്യത്തിലുണ്ടായ വർദ്ധനവ് അനുസരിച്ച് സർക്കാരിന്റെയും പ്രാദേശിക സർക്കാരുകളുടെയും വിഹിതങ്ങൾ പുനർനിശ്ചയിക്കേണ്ടതാണ്.<br><br>4. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും കൃത്യമായും പെൻഷൻ വിഹിതം നഗരകാര്യ ഡയറക്ടറുടെ അധീനതയിലുള്ള പെൻഷൻഫണ്ടിൽ നൽകേണ്ടതാണ്. ഇക്കാര്യത്തിലുള്ള വീഴ്ചയ്ക്ക് നഗരസഭ സെക്രട്ടറി ഉത്തരവാദിയായിരിക്കും. |

| | | |
|---|---|---|
| | | **5.** വാർഷിക പെൻഷൻ ബാധ്യത നഗരകാര്യ ഡയറക്ടർ മുൻകൂട്ടി കണക്കാക്കേണ്ടതും ധനവകുപ്പിന് നൽകുന്ന ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.<br><br>**6.** നഗരകാര്യ ഡയറക്ടറുടെ ശുപാർശ പ്രകാരമുള്ള തുക ധനകാര്യ വകുപ്പ് എല്ലാ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.<br><br>**7.** നഗരകാര്യ ഡയറക്ടറുടെ അധീനതയിലുള്ള പെൻഷൻഫണ്ടും പെൻഷൻഇനത്തിലുള്ള യഥാർത്ഥ സാമ്പത്തിക ബാധ്യതയും തമ്മിലുള്ള എന്തെങ്കിലും വിടവ് ഉണ്ടാകുന്ന സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളും/മുനിസിപ്പൽകോർപ്പറേഷനുകളും സർക്കാരും ഇത് തുല്യമായി വീതിക്കേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഉചിതമായ സംവിധാനം നഗരസഭകളുമായി കൂടിയാലോചിച്ച് നഗരകാര്യ ഡയറക്ടർ രൂപപ്പെടുത്തേണ്ടതാണ്.<br><br>**8.** ഇനി മുതൽ വിരമിക്കുന്ന മുനിസിപ്പൽ ജീവനക്കാരുടെ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും അവർ സർവീസിൽ ഏറ്റവും കൂടുതൽ കാലം ജോലി ചെയ്തിരുന്ന നഗരസഭയിൽനിന്നും നൽകേണ്ടതാണ്.<br>**9.** പെൻഷൻ ഫണ്ടിലേയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും യഥാസമയം റിലീസ് ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വം ധനകാര്യ വകുപ്പ് സെക്രട്ടറിയ്ക്കും നഗരകാര്യ |

| | | |
|---|---|---|
| | | ഡയറക്ടർക്കും ആയിരിക്കും. |
| (ജി) | പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ? | കൂടുതൽ പരിശോധനയ്ക്കായി മാറ്റിവച്ചു. സർക്കാർ ഇക്കാര്യത്തിനായി ഒരു വിദഗ്ധ സമിതിയെ നിയമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ